പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2244 **27-10-2026-ൽ മറുപടിയ്ക്ക്**

കുണ്ടംകുഴി പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണവും അടിസ്ഥാന സൗകര്യങ്ങളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. നീലകണ്ഠൻ ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഉദുമ നിയോജകമണ്ഡലത്തിലെ കുണ്ടംകുഴിയിൽ നിർമ്മിച്ചിട്ടുള്ള പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയായത് എപ്പോഴാണെന്നും നിർമാണച്ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

മറുപടി: ബേഡകം പോലീസ് സ്റ്റേഷന് വേണ്ടി ബേഡഡുക്ക വില്ലേജിൽ കുണ്ടംകുഴി എന്ന സ്ഥലത്ത് RS.No.230/1 B-ൽ പെട്ട 3.5 ഏക്കർ സ്ഥലത്ത് കേരള പോലീസ് ഹൗസിങ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ 9 പോലീസ് ഫാമിലി ക്വാർട്ടേഴ്സുകൾ (No. VII/211 to VIII/219) 2008 വർഷത്തിൽ ആണ് പണി കഴിപ്പിച്ചത്. ഭരണാനുമതി നൽകിയ 36,75,000/- രൂപ ഉപയോഗിച്ച് ബേഡകം പോലീസ് സ്റ്റേഷന്റെ 3 USQ, 6 LSQ ഫാമിലി ക്വാർട്ടേഴ്സുകളുടെ നിർമ്മാണം 17.05.2008 തീയതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സിൽ എത്ര കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണുള്ളത്; നിലവിൽ എത്ര കുടുംബങ്ങൾ അവിടെ താമസിച്ചുവരുന്നു; വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത ഫാമിലി ക്വാർട്ടേഴ്സിൽ 9 കുടുംബങ്ങൾക്ക് താമസിക്കാനുള്ള സൗകര്യമാണ് ഉണ്ടായിരുന്നത്. നിലവിൽ അവിടെ ആരും തന്നെ താമസിക്കുന്നില്ല.

(സി) പ്രസ്തുത പോലീസ് ക്വാർട്ടേഴ്സിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതിന്റെ കാരണം എന്തെല്ലാമാണ്; അടിസ്ഥാനസൗകര്യങ്ങളുടെ എന്തൊക്കെ കുറവുകളാണ് അവിടെയുള്ളതെന്നും അവ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

മറുപടി: ബേഡകം പോലീസ് സ്റ്റേഷനിൽ നിന്നും 7 KM അകലെ കുണ്ടംകുഴി എന്ന സ്ഥലത്താണ് ടി ഫാമിലി ക്വാർട്ടേഴ്സുകൾ സ്ഥിതി ചെയ്യുന്നത്. ആയത് ഒറ്റപ്പെട്ട സ്ഥലത്തു സ്ഥിതി ചെയ്യുന്നതിനാലും, പോലീസ് സ്റ്റേഷനിൽ നിന്നും ഏറെ അകലത്തായതിനാലും, ടി സ്ഥലത്തിന് ചുറ്റുമതിൽ ഇല്ലാത്തതിനാലും പോലീസ് ഉദ്യോഗസ്ഥർ നൈറ്റ് ഡ്യൂട്ടിയിലുള്ള സമയം കുടുംബത്തെ അവിടെ താമസിപ്പിക്കുവാനുള്ള ബുദ്ധിമുട്ട് കാരണം ക്വാർട്ടേഴ്സിൽ താമസിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർ മുൻ കാലങ്ങളിൽ തയ്യാറാകാത്തതിനാൽ കുറെക്കാലമായി ആയത് ആരും തന്നെ ഉപയോഗിച്ചിട്ടില്ലാത്തതാണ്. നിലവിൽ 9 ക്വാർട്ടേഴ്സുകളുടെ ജനലുകളും, വാതിലുകളും, ഇലക്ട്രിക് വർക്കുകളും, പ്ലംബിംഗ് വർക്കുകളും പൂർണ്ണമായും നശിച്ചു പോവുകയും, ഇലക്ട്രിസിറ്റി കണക്ഷൻ താൽക്കാലികമായി ഡിസ്കണക്ട് ചെയ്തിരിക്കുകയുമാണ്. പ്രസ്തുത ക്വാർട്ടേഴ്സുകൾ ഇപ്പോൾ

താമസയോഗ്യമല്ലാത്ത അവസ്ഥയിലായതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് താമസത്തിനായി അനുവദിച്ചു കൊടുക്കുവാൻ സാധിക്കാത്ത അവസ്ഥയിലാണുള്ളത്. നിലവിൽ 9 പോലീസ് ഫാമിലി ക്വാർട്ടേഴ്സുകളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുകയും വൈദ്യുതി ബന്ധം, കുടിവെള്ളം എന്നിവ പുനഃസ്ഥാപിക്കുകയും ടി സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിച്ച് സംരക്ഷണം ഉറപ്പാക്കുകയും ചെയ്താൽ മാത്രമേ ടി ക്വാർട്ടേഴ്സുകൾ വാസയോഗ്യമാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ